**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2703** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പ്ലസ് വൺ, പ്ലസ് ടു വിഭാഗത്തിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് തുക എത്രയാണ്; | (എ) | കേരളത്തിലെ പട്ടികജാതിക്കാരായ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് ഇനത്തിൽ പ്രതി വർഷം 1400/- രൂപയും, സ്റ്റൈപന്റ് ഇനത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 800/- രൂപയും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 8 കിലോമീറ്ററിനു പുറത്തു താമസിക്കുന്നവർക്ക് പ്രതിമാസം 900/- രൂപയും അനുവദിച്ചു വരുന്നു. |
| (ബി) | മണലൂർ മണ്ഡലത്തിൽ എത്ര വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷം ഇതിന്റെ ആനുകൂല്യം നൽകുകയുണ്ടായി; | (ബി) | വിദ്യാർത്ഥികളുടെ നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഇ-ഗ്രാന്റ്സ് സൈറ്റിൽ ക്രമീകരണം ചെയ്തിട്ടില്ലാത്തതിനാൽ മണ്ഡലം അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നതല്ല. |
| (സി) | കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ അപേക്ഷ യഥാസമയം സമർപ്പിക്കാൻ സാധിക്കാതിരുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപെന്റ് എന്നിവ ലഭിക്കുന്നതിന് ആവശ്യമായ ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഏതെങ്കിലും സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി ആനുകൂല്യം ലഭ്യമാകാതെ വന്നാൽ പ്രസ്തുത ആനുകൂല്യം ജില്ലാ പട്ടികജാതി വികസന ഓഫീസ് മുഖേന മാന്വൽ ആയി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ